# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3511** **12.05.2017-ൽ മറുപടിയ്ക്ക്**

**ഏകീകൃത ഫിഷറീസ് നിയമം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഏകീകൃത ഫിഷറീസ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) യും ബി) യും | ഉണ്ട്. 2010-ലെ കേരള ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയും ആക്ട് ഉൾനാടൻ മേഖലയിലെ ഏകീകൃത നിയമമാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് തൃശ്ശൂരിലെ ചേറ്റുവ മുതൽ വടക്കോട്ടുള്ള പ്രദേശങ്ങളിൽ ഇന്ത്യൻ ഫിഷറീസ് ആക്ടിന്റെ 1927-ലെ മദ്രാസ് അമെന്റ്മെന്റ് ആക്ടും തിരുവിതാംകൂർ കൊച്ചി പ്രദേശത്ത് 1950-ലെ തിരുവിതാംകൂർ കൊച്ചി ഫിഷറീസ് ആക്ടുമായിരുന്നു നിലവിലുണ്ടായിരുന്നത്. കടലോര മേഖലയിൽ 1980-ലെ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് നിലവിൽ വന്നതോടെ ഏകീകൃത ഫിഷറീസ് നിയമം നടപ്പിലാക്കി. |
| ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഉൾനാടൻ മേഖലയെ സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| സി) | ഇത്തരത്തിൽ ഒരു നിയമം നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | സി) | കേന്ദ്ര സർക്കാർ ഒരു പുതിയ മറൈൻ ഫിഷറീസ് പോളിസി ആവിഷ്കരിച്ച് പ്രസിദ്ധീകരിച്ച കഴിഞ്ഞു. ഇതല്ലാതെ ഏകീകൃത ഫിഷറീസ് നിയമം നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. |

**സെക്ഷൻ ആഫീസർ**